**വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : പ്രസീന എൻ.**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. സ.ഉ. (പി) നമ്പർ 05/89/P&ARD തീയതി 16-05-1989.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ 01-12-2023 തീയതിയിലെ ഇ5-3208/2023 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 24-10-2024-ലെ ഇ3-05/2022 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ3-1379/2023 തീയതി : 26-11-2024**

സൂചന (2) ഉത്തരവ് പ്രകാരം ഒരു സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതിലൂടെയും, ഒരു സീനിയർ ക്ലാർക്ക് മരണപ്പെട്ടതിലൂടെയും, ഒരു സീനിയർ ക്ലാർക്ക് സർവ്വീസിൽ നിന്നും വിരമിച്ചതിലൂടെയും, ഒരു സീനിയർ ക്ലാർക്കിനെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 13 A ഉപചട്ടം (2) പ്രകാരം ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്ത് ഉത്തരവായതിലൂടെയും, വനം വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ 4 ഒഴിവുകൾ നിലവിൽ ഉണ്ട്. സൂചന (2) സീനിയോരിറ്റി ലിസ്റ്റ് പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയ ചുവടെ പേരു പറയുന്ന ക്ലാർക്കുമാരെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 28 (ബി.ബി.ബി.) പ്രകാരമുള്ള വ്യവസ്ഥകൾക്കും 10-03-2014-ലെ 524/ആർ1/2014/P&ARD നമ്പർ സർക്കാർ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായി 35600-75400 രൂപാ ശമ്പള സ്കെയിലിൽ അവരവരുടെ പേരിന് നേരേ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, പെൻ, ഓഫീസ് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി | ടെസ്റ്റ് യോഗ്യത നേടിയ തീയതി | പ്രാബല്യ തീയതി |
|---|---|---|---|---|---|
| 1. | പുഷ്പകല പി.<br>(PEN : 532015)<br>O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ<br>(ഐ & ഇ) കോട്ടയം | 151 | 20-04-2013 | 06-12-2017 | 08-06-2024 |
| 2. | മുഹമ്മദ് റഷീദ് എൻ.<br>(PEN : 774710)<br>O/o റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഒറ്റപ്പാലം | 153 | 11-08-2018 | 11-01-2023 | 08-06-2024 |
| 3. | നഹാസ് എസ്.<br>(PEN : 769283)<br>O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം | 154 | 31-03-2018 | 11-01-2023 | 08-06-2024 |
| 4. | ചന്ദ്രശേഖരൻ കെ.<br>(PEN : 162584)<br>O/o റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ചാർപ്പ | 17 | 04-01-2009 | 29-09-2024<br>(50 വയസ്സ്) | 25-10-2024 |

മുകളിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസുകളിലെ ക്ലാർക്ക് തസ്തികകൾ സീനിയർ ക്ലാർക്ക് തസ്തികകൾ ആയി ഉയർത്തി അതാത് ഓഫീസുകളിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ക്രമ നമ്പർ 1, 2, 3 പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികകൾ ക്ലാർക്ക് തസ്തികകളായി താഴ്ത്തിക്കൊണ്ട് നിയമനം നടത്തുന്നതിന്, ബന്ധപ്പെട്ട നിയമനാധികാരികൾ ഇതിനകം യഥാസമയം നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ. സാബു എം. -നു ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതിനാൽ, വനം വകുപ്പിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് അനുപാതം 1 : 1 ആയി ക്രമീകരിക്കുന്നതിനായി, ടി സീനിയർ ക്ലർക്ക് തസ്തിക ക്ലാർക്ക് തസ്തികയായി താഴ്ത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഈ ക്ലാർക്ക് തസ്തികയിൽ നിയമനം

നടത്തുന്നതിന് ആവശ്യമായ നടപടികൾ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉടൻ സ്വീകരിക്കേണ്ടതാണ്.

Signed by
N Praseena
Date: 26-11-2024 11:59:25
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

**വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.**

പകർപ്പ് :
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്നു.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FM) അറിവിനായി നൽകുന്നു.
4. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം/ ഹൈറേഞ്ച് സർക്കിൾ, കോട്ടയം/ സെൻട്രൽ സർക്കിൾ, തൃശ്ശൂർ/ ഈസ്റ്റേൺ സർക്കിൾ, പാലക്കാട്/ നോർത്തേൺ സർക്കിൾ, കണ്ണൂർ/ ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം/പാലക്കാട് എന്നിവർക്ക് നൽകുന്നു.
6. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
7. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി.)യ്ക്ക് നൽകുന്നു. വനം വകുപ്പിലെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി.
8. ഫയൽ/ സ്റ്റോക്ക് ഫയൽ